On..03/06/2020

12/02/2020



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 1055(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.6205/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

പ്രൊഫ. എ.കെ. സോമശേഖരൻ നായർ,
പൗർണ്ണമി,
ഗവൺമെന്റ് ആശുപത്രിയ്ക്ക് സമീപം,
തലയോലപ്പറമ്പ് പി.ഒ., കോട്ടയം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   തിരുവിതാംകൂർ ദേവസ്വം ബോർഡ്,
   അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ
   കാര്യാലയം, വൈക്കം, കോട്ടയം.

2. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ,
   തിരുവിതാംകൂർ ദേവസ്വം ബോർഡ്,
   അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ
   കാര്യാലയം, വൈക്കം, കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 13.1.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.1.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.2.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.4.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 24.4.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 4.12.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 23.12.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 11.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ പ്രൊഫ. എ.കെ. സോമശേഖരൻ നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിലേയ്ക്ക് തിരുപുരം ദേവസ്വം സബ് ഗ്രൂപ്പ്

ഓഫീസർക്ക് എഴുതിയിട്ടുള്ളതായി ടിയാനെ അറിയിച്ചു എന്നും എന്നാൽ 35 ദിവസങ്ങൾ കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചു എന്നും എന്നാൽ മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ നാളിതുവരെ തീർപ്പു കൽപ്പിച്ച് നൽകിയിട്ടില്ലെന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ മേൽപ്പടി ഓഫീസിന്റെ പേരോ ഇൻഫർമേഷൻ ഓഫീസറുടെ പേരോ ഉദ്യോഗപ്പേരോ, അപ്പീൽ അധികാരിയെ സംബന്ധിച്ച വിവരമോ ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കാത്തതിനാൽ അപ്പീൽ അധികാരിയെ സംബന്ധിച്ച വിവരം അറിയാനായി വൈക്കത്തുള്ള ദേവസ്വം ബേർഡിന്റെ വിവിധ ഓഫീസുകൾ കയറി ഇറങ്ങിയെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ കാണിക്കുന്ന ബോർഡ് മേൽപ്പടി ഓഫീസിൽ ഒരിടത്തും സ്ഥാപിച്ചതായി കണ്ടിട്ടില്ലെന്നും മറ്റുമാണ്

2. ഒന്നാം എതിർകക്ഷി മുമ്പാകെ (ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് വൈക്കം) സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2011 നവംബർ 30–ലെ ആർ.ഒ.സി 1809/09/എൻഎസ് നമ്പരായുള്ള 'ക്ഷേത്ര ഉപദേശക സമിതി അന്തിമ വിഞ്ജാപനം' നിലവിൽ വന്നശേഷമുള്ള താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

i. ക്ഷേത്രത്തിൽ നടത്തുന്ന ഉത്സവം, ചിറപ്പ്, ആട്ടവിശേഷം മുതലായ വിശേഷ അടിയന്തിരങ്ങൾക്ക് സംഭാവനകൾ, ഇഷ്ടദാനം എന്നിവ ഭക്ത ജനങ്ങളിൽ നിന്നും സ്വീകരിക്കുന്നതിന് ഉപദേശക സമിതി ഡിപ്പാർട്ടുമെന്റിനോട് അനുമതി ആവശ്യപ്പെട്ടു നൽകിയ അപേക്ഷകളുടെയും ആയതിന് ഡിപ്പാർട്ട്മെന്റ് നൽകിയ അനുമതി പത്രങ്ങളുടെയും പകർപ്പുകൾ നൽകണമെന്നും

ii. മേൽപ്പടി വിഞ്ജാപന പ്രകാരം ഉപദേശക സമിതിയെ ആദ്യമായി തെരഞ്ഞെടുക്കുന്നതിന് 100/– രൂപ പ്രവേശന ഫീസ് ഇനത്തിൽ നൽകിയ അംഗങ്ങളിൽ അംഗത്വ കാർഡ് ലഭിക്കാൻ അർഹത നേടിയ രജിസ്റ്റേർഡ് മണ്ഡലത്തിൽ ഉൾപ്പെട്ട അംഗങ്ങളുടെ പേരും മേൽവിലാസവും തൊഴിലും ലഭ്യമാക്കണമെന്നും

iii. ഉപദേശക സമിതി തെരഞ്ഞെടുപ്പിൽ പങ്കെടുത്ത രജിസ്റ്റേർഡ് മണ്ഡലത്തിൽ ഉൾപ്പെട്ട അംഗങ്ങളുടെ ഹാജർ സാക്ഷ്യപ്പെടുത്തി നൽകണമെന്നും

iv.. ഉപദേശക സമിതി തെരഞ്ഞെടുപ്പിൽ ഔദ്യോഗിക ഭാരവാഹികളുടെ തെരഞ്ഞെടുപ്പു ഉൾപ്പെടെ എല്ലാ നടപടികളുടെയും സാക്ഷ്യപ്പെടുത്തിയ മിനിറ്റ്സുകൾ ലഭ്യമാക്കണമെന്നും മറ്റുമായി 14 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ വിവരങ്ങൾ നൽകുന്നതിലേയ്ക്കായി തിരുപുരം ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസർക്ക് എഴുതിയിട്ടുണ്ട് എന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ നാളിതുവരെ ലഭിച്ചിട്ടില്ലെന്നും മറ്റുമാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേലുള്ള മറുപടി നൽകിയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നാണ്.

4. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കത്തിൽ പ്രസ്താവിച്ചത്, വൈക്കം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ 25.5.2015 തീയതി ഹർജിക്കാരന് നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ടിരുന്നതിൽ ചിലത് ലഭ്യമാക്കാതെയും ലഭിച്ചതിൽ ചിലത് അവ്യക്തമായുമാണ് നൽകിയിട്ടുള്ളത് എന്നും 8–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ലഭ്യമല്ല എന്നാണ് അറിയിച്ചിട്ടുള്ളതെന്നും ആയത് ശരിയല്ലെന്നും കൂടുതൽ വ്യക്തതയോടുള്ള മറുപടി ലഭ്യമാക്കേണ്ടതാണെന്നുമാണ്. 10–ാം ഇനത്തിൽ ടിയാൻ ആവശ്യപ്പെട്ടിരുന്നത് 2013, 2014 വർഷങ്ങളിൽ ക്ഷേത്രോപദേശക സമിതി ബോർഡ് അധികൃതർ മുമ്പാകെ ഹാജരാക്കിയ വാർഷിക കണക്കുകളുടെ പകർപ്പുകളാണ്. എന്നാൽ 2013–ലെ കണക്കുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നും 2014 ലെ കണക്കുകൾ നൽകിയിട്ടില്ലെന്നും ക്ഷേത്രോപദേശക സമിതി അന്തിമ വിജ്ഞാപന പ്രകാരം എല്ലാ വർഷവും ഏപ്രിൽ 30–നകം അതുവരെയുള്ള കണക്കുകൾ ഉപദേശക സമിതി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് സമർപ്പിക്കണമെന്നുണ്ടെന്നുമാണ്. 11–ാം ഇനത്തിൽ ആവശ്യപ്പെട്ട ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ഓഫീസിൽ നിന്നും ലഭിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത് എന്നും ദേവസ്വത്തിൽ തന്നെയുള്ള ഒരു പൊതു അധികാരിയിൽ നിന്നും മറ്റൊരു പൊതു അധികാരിയിലേക്ക് അപേക്ഷ കൈമാറ്റം ചെയ്താൽ ലഭിക്കുന്ന വിവരങ്ങൾക്കായി ദേവസ്വം അക്കൗണ്ട്സ് ഓഫീസിൽ ബന്ധപ്പെടാനാണ് ടിയാനോട് നിർദ്ദേശിച്ചിരിക്കുന്നത് എന്നും ആയതിനാൽ 11–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാനുള്ള നിർദ്ദേശം നൽകണമെന്നും 13.1.2015 തീയതി അപേക്ഷ നൽകിയിരുന്നു എന്നും 27.2.2015 അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയിരുന്നു എന്നും അതിനുശേഷവും മറുപടി ലഭിക്കാത്തിനാൽ 22.4.2015–ൽ വിവരാവകാശ കമ്മീഷനിൽ അപ്പീൽ നൽകുകയാണ് ഉണ്ടായതെന്നും ആയതിനുശേഷമാണ് ഭാഗികമായ വിവരങ്ങളെങ്കിലും ടിയാന് ലഭിച്ചത് എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി തിരുപുരം ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസിൽ നിന്നും ലഭ്യമാക്കി നൽകുമെന്ന് അറിയിച്ചുവെങ്കിലും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഹർജിക്കാരന് 25.5.2015 തീയതി വിവരങ്ങൾ നൽകിയത് എന്നു കാണുന്നു. ആയത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. തിരുപുരം സബ് ഗ്രൂപ്പ് ഓഫീസർ 25.2.2015 തീയതി ഒന്നാം എതിർകക്ഷി ഓഫീസിലേക്ക് മറുപടി അയച്ചു കൊടുത്തിരുന്നെങ്കിലും ആയത് ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയതായി കാണുന്നത് 25.5.2015 തീയതി മാത്രമാണെന്നു കാണുന്നു. ആയതിനാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ മേൽപ്പടി വീഴ്ച സംബന്ധിച്ച് വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷിയുടെ വിശദീകരണം ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും

ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം, ടിയാന്റെ അപേക്ഷയിലെ 8, 10, 11 എന്നീ ഇനങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടി സംബന്ധിച്ചാണെന്നു കാണുന്നു. 8-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഉപദേശക സമിതിക്ക് നാളിതുവരെയായി ദേവസ്വം ബോർഡ്/ഡിപ്പാർട്ട്മെന്റിൽ നിന്നും പണമായും അല്ലാതെയും നൽകിയ സാധനങ്ങളുടെയും സേവനങ്ങളുടെയും വിവരം നൽകിയ തീയതി ഇനം തിരിച്ച് ക്രമമായി നൽകണമെന്നാണ്. മേൽപ്പടി ഇനം സംബന്ധിച്ച് നൽകിയ മറുപടിയിൽ എതിർകക്ഷി അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമല്ലെന്നാണ്. മേൽപ്പടി മറുപടി വിവരാവകാശ നിയമ പ്രകാരം അപൂർണ്ണവും അവ്യക്തവുമാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമല്ലാത്തത് ഏത് സാഹചര്യത്തിലാണ് എന്നത് സംബന്ധിച്ച് വ്യക്തമായ യാതൊരു വിവരവും ഹർജിക്കാരന് നൽകിയിട്ടില്ലെന്നു കാണുന്നു. ആയതിനാൽ മേൽപ്പടി ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് ഒന്നാം എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ഹർജിക്കാരന് വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ നൽകണമെന്ന് കമ്മീഷൻ ഉത്തരവാകുന്നു. ബന്ധപ്പെട്ട ഉപദേശക സമിതി അത്തരത്തിലുള്ള വിവരങ്ങൾ ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമാക്കിയിട്ടില്ലെങ്കിൽ അക്കാര്യം വ്യക്തമായി ഹർജിക്കാരനെ അറിയിക്കേണ്ടതാണ്. 10-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഉപദേശക സമിതി 2013, 2014 വർഷങ്ങളിൽ ബോർഡ് അധികൃതർ മുമ്പാകെ ഹാജരാക്കിയ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കണമെന്നാണ്. മേൽപ്പടി ഇനം സംബന്ധിച്ച് അറിയിച്ചത്, പകർപ്പ് ചേർത്തിരിക്കുന്നു എന്നാണ്. എന്നാൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 2014 ലെ കണക്കുകൾ ടിയാന് നൽകിയിട്ടില്ല എന്നാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുമ്പോൾ വ്യക്തമായുള്ള മറുപടി നൽകാത്തിനാലാണ് ഇത്തരത്തിലുള്ള വീഴ്ച സംഭവിച്ചത് എന്നു കാണുന്നു. 2014 വർഷത്തെ കണക്കുകൾ ഉപദേശക സമിതി നൽകിയിരുന്നില്ലെങ്കിൽ ആയത് വ്യക്തമാക്കി ഹർജിക്കാരന് മറുപടി നൽകേണ്ടതായിരുന്നു. 11-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 2013, 2014 വർഷങ്ങളിലെ ഉപദേശക സമിതിയുടെ കണക്കുകൾ ആഡിറ്റ് നടത്തിയത് സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ട്, ആഡിറ്റിംഗിന് അവലംബിച്ച മാർഗ്ഗം എന്നിവ നൽകണമെന്നും മറ്റുമാണ്. മേൽപ്പടി ഇനം സംബന്ധിച്ച് അറിയിച്ചത്, ആഡിറ്റിംഗ് നടന്നു വരുന്നു എന്നും വിവരങ്ങൾ അസിസ്റ്റന്റ് ദേവസ്വം ഓഫീസ് വൈക്കം ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണെന്നുമാണ്. മേൽപ്പടി മറുപടി തികച്ചും അവ്യക്തമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരൻ മേൽപ്പടി ഇനത്തിൽ ആവശ്യപ്പെട്ട വിവരം ദേവസ്വം അക്കൗണ്ട്സ് ഓഫീസിലാണ് ലഭ്യമാകുന്നതെങ്കിൽ ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് മേൽപ്പടി ഓഫീസിലേക്ക് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം അയച്ചു കൊടുത്ത് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നു. ചുരുക്കത്തിൽ വളരെ നിരുത്തരവാദപരമായ സമീപനമാണ് തിരുപുരം ഗ്രൂപ്പ് ഓഫീസിൽ നിന്നും ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ളതെന്നു കമ്മീഷൻ വിലയിരുത്തുന്നു.

7. ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയിട്ടുള്ളതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമം 19 (6) വകുപ്പിന്റെ ലംഘനമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

8. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 12–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk